## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 493** **30-01-2024 - ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം നിലവിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ ഇതു സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | കേന്ദ്ര സർക്കാർ കൈക്കൊണ്ട നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായാണ് ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് പൊടുന്നനെ ഉടലെടുത്തിട്ടുള്ളത്. എന്നാൽ, ധവളപത്രം ഇറക്കേണ്ട സാഹചര്യം നിലവിൽ ഉള്ളതായി കാണുന്നില്ല. നികുതി പിരിവ് കാര്യക്ഷമമാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ടുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. |
| (ബി) | സാമ്പത്തിക പ്രതിസന്ധിക്കുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ആയത് തരണം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) | കേന്ദ്ര സർക്കാർ കൈക്കൊണ്ട നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായാണ് ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് പൊടുന്നനെ ഉടലെടുത്തിട്ടുള്ളത്. എന്നാൽ, ധവളപത്രം ഇറക്കേണ്ട സാഹചര്യം നിലവിൽ ഉള്ളതായി കാണുന്നില്ല. നികുതി പിരിവ് കാര്യക്ഷമമാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ടുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. |
| (സി) | അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിനും സർക്കാരിന് ലഭിക്കേണ്ട വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (സി) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുമ്പോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഒരു ലക്ഷം രൂപ പോലും മാറാൻ സാധിക്കാത്ത തരത്തിലുള്ള നിയന്ത്രണം നിലനിൽക്കുന്നുണ്ടോ; എങ്കിൽ അത് ഒഴിവാക്കാൻ സാധിക്കുമോയെന്നും | (ഡി) | ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. സാമ്പത്തിക സ്ഥിതി |

| | | | |
|---|---|---|---|
| | കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ? | | മെച്ചപ്പെടുന്ന മുറയ്ക്ക് നിലവിലെ ട്രഷറി നിയന്ത്രണങ്ങളിൽ സ്വാഭാവികമായും ഇളവുകൾ ഉണ്ടാകും. |

സെക്ഷൻ ഓഫീസർ